LIBRARY ARCHIVES Kerala Legislative Assembly

യുവകർഷകർക്കായി ആരംഭിച്ച തൊഴിൽദാന പദ്ധതി

58 [1190] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് യുവകർഷകർക്കായി ആരംഭിച്ച തൊഴിൽദാന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ;

(ബി) ആയിരം രൂപ അടച്ച് രജിസ്റ്റർ ചെയ്തവർക്ക് ഈ പദ്ധതി പ്രകാരം നൽകുമെന്നു പ്രഖ്യാപിച്ചിരുന്ന ആനുകൂല്യങ്ങളെന്തെങ്കിലും ഇതുവരെ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 1993-1994-ൽ ആരംഭിച്ച പ്രത്യേക തൊഴിൽദാന പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു. അന്നു പുറപ്പെടുവിച്ച statement മേശപ്പുറത്തു വയ്ക്കുന്നു.

(ബി) പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം പദ്ധതിയിൽ അംഗമായിരിക്കെ മരണമടഞ്ഞ 502 പേരുടെ നോമിനികൾക്ക് 25,000 രൂപ വീതം നൽകുകയും, സ്വമേധയാ പദ്ധതിയിൽ നിന്നു പിരിഞ്ഞുപോയ 182 പേർക്ക് അവർ അടച്ച തുകയായ 1,000 രൂപ മടക്കി നൽകുകയും ചെയ്തിട്ടുണ്ട്.

കാർഷിക മേഖലയിൽ ലക്ഷം പേർക്ക് തൊഴിൽദാന പദ്ധതി

59 [1191] ശ്രീ. യു. സി. രാമൻ:
" കെ. എൻ. എ. ഖാദർ:
" ടി. പി. എം. സാഹിർ:
" ഇസ്ഹാക്ക് കുരിക്കൾ:
" ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന കാർഷിക മേഖലയിൽ ലക്ഷം പേർക്ക് തൊഴിൽദാന പദ്ധതി ഈ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?